## പതിമൂന്നാം കേരളനിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2163** — **18.12.2012-ൽ മറുപടിയ്ക്ക്**

### 330 മെഗാവാട്ടിന്റെ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.ദിവാകരൻ<br>, , പി.തിലോത്തമൻ<br>,, ഇ.ചന്ദ്രശേഖരൻ<br>ശ്രീമതി.ഗീതാ ഗോപി | | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് 330 മെഗാവാട്ടിന്റെ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിൽ ചെമ്മനപതി ഗ്രാമത്തിൽ Hanjong Energy & Technology Private(Limited) എന്ന കമ്പനി 30 MWP ശേഷിയുള്ള സൗരോർജ്ജപ്ലാന്റ് സ്ഥാപിക്കുന്നുണ്ടെന്നും രണ്ടുവർഷത്തിനുള്ളിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി 300 MWP ന്റെ പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടന്നും യൂണിറ്റൊന്നിന് 3 രൂപ 25 പൈസ നിരക്കോ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിക്കുന്ന നിരക്കോ ഏതാണ് കുറവ് ആ നിരക്കിൽ വൈദ്യുതി തരാൻ തയ്യാറാണെന്ന് അറിയിച്ചിരുന്നതനുസരിച്ച് പ്രസ്തുത കമ്പനിയുമായി ധാരണാപത്രം ഒപ്പുവെയ്ക്കാൻ മന്ത്രിസഭ തീരുമാനിച്ചിരുന്നു. എന്നാൽ ടി കമ്പനിയുമായി ധാരണാപത്രം ഒപ്പിടുന്നതിനുമുൻപ് ധനകാര്യവകുപ്പിന്റേയും നിയമവകുപ്പിന്റേയും അഭിപ്രായം കൂടി ആരായേണ്ടതുണ്ട്. മേൽ വകുപ്പുകളിൽ നിന്നുള്ള അഭിപ്രായം ലഭിച്ചിട്ടില്ലാത്തതിനാൽ ധാരണാപത്രം ഒപ്പുവച്ചിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ നിയോഗിച്ച കമ്പനിഏതാണ്; പ്രസ്തുത കമ്പനി ജർമ്മൻ സാങ്കേതികസഹായം തേടുമെന്ന് വ്യക്തമാക്കി വൈദ്യുതി ബോർഡിന് കത്ത് നൽകിയിട്ടുണ്ടോ ; | (ബി) & (സി) | 330 മെഗാവാട്ടിന്റ സൗരോർജ്ജപദ്ധതി നടപ്പാക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിച്ചത് Hanjong Energy & Technology Private (Limited) എന്ന സ്വകാര്യകമ്പനിയാണ്. ഈ പദ്ധതി നിർദ്ദേശം വൈദ്യുതി ബോർഡ് |

| | |
|---|---|
| എങ്കിൽ പ്രസ്തുത കരാറിൽ ഏതെങ്കിലും തരത്തിലുള്ള നടപടികൾ ബോർഡ് സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ; | 2.11.2012 ന് ക്ഷണിച്ചിട്ടുള്ള താല്പര്യപത്രം (Expression of Interest - EOI) വഴി സമർപ്പിക്കുന്നതിന് കമ്പനിയോട് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനി ജർമ്മൻ സാങ്കേതിക സഹായം തേടുമെന്ന് വ്യക്തമാക്കി വൈദ്യുതി ബോർഡിന് കത്ത് നല്കിയിട്ടില്ല. |
| (സി) ദക്ഷിണകൊറിയൻ കമ്പനിയെന്ന് വിശേഷിപ്പിച്ചിരുന്നപ്രസ്തുത കമ്പനിയ്ക്ക് ദക്ഷിണ കൊറിയയുമായി ഒരു ബന്ധവുമില്ലെന്നുള്ളത് വസ്തുതയാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; പദ്ധതി നടപ്പാക്കുന്നതിന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ ? | |

സെക്ഷൻഓഫീസർ